പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1558

13.07.2011 - ൽ മറുപടിക്ക്

## കടുത്തുരുത്തി ഫയർസ്റ്റേഷന് വാടക നൽകുന്നതിന് അനുമതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കടുത്തുരുത്തി മിനി ഫയർ സ്റ്റേഷന്റെ വാടക നൽകുന്നതിന് കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിന് അനുമതി നൽകുന്നതിനുവേണ്ടി സമർപ്പിച്ച ഫയൽ നമ്പർ 27344/ഇ.എൻ/07/ & 27846/ഫിൻ/10 എന്നീ ഫയലുകളിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;<br><br>(ബി) പ്രസ്തുത ഫയൽ തീർപ്പ് കൽപ്പിക്കാൻ ഉണ്ടാകുന്ന കാലതാമസത്തെ കുറിച്ച് വിശദമാക്കാമോ ; | | സ്വന്തമായി കെട്ടിടം പണി 2007-08-ൽ പൂർത്തിയാക്കണമെന്ന വ്യവസ്ഥയിലാണ് 31.03.2008 വരെ കടുത്തുരുത്തി ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ വാടക നൽകാനനുമതി നൽകിയത്.<br><br>ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്ത കാര്യമാണ് ഫയർ സ്റ്റേഷന്റെ നിർമ്മാണം. അനന്തമായി ഫയർ സ്റ്റേഷന്റെ വാടക ഗ്രാമ പഞ്ചായത്ത് നൽകുന്നത് ശരിയല്ല എന്നതിനാലാണ് 25.01.2010-ലെ 59856/എഫ്.എം3/08/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം അനുമതി നിഷേധിച്ചത്. എന്നാൽ കെട്ടിടം നിർമ്മിക്കുന്നതിന് കടുത്തുരുത്തി വില്ലേജിലെ റീസർവ്വേ നമ്പർ 30-ൽ പ്പെട്ട റവന്യൂ വകുപ്പിന്റെ വക 1 ഏക്കർ 02 സെന്റ് സ്ഥലം കൈമാറ്റം ചെയ്തു ലഭിക്കുന്നതിന് അപേക്ഷ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ടെന്ന് ഫയർ & റസ്ക്യൂ സർവ്വീസസ് കമാന്റന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച് 14.05.2010-ൽ വകുപ്പ് മന്ത്രിക്ക് കടുത്തുരുത്തി എം.എൽ.എ. നൽകിയ കത്തിന്മേൽ എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ : | (സി) | ഇത് സംബന്ധിച്ച് 14.05.2010-ൽ കടുത്തുരുത്തി എം.എൽ.എ. നൽകിയ കത്ത് സർക്കാർ പരിശോധിച്ച് വരുന്നു. |

Premakrishnan

സെക്ഷൻ ഓഫീസർ

4